**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 653.** **11-06-2014- ൽ മറുപടിയ്ക്ക്**

## 'ഗില്ലൻബാരി സിൻഡ്രോം' നിയന്ത്രിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ)മനുഷ്യന്റെ പേശികളെ ഗുരുതരമായി ബാധിയ്ക്കുന്ന 'ഗില്ലൻബാരി സിൻഡ്രോം'എന്ന രോഗം മലബാറിൽ പ്രത്യേകിച്ച് കൊണ്ടോട്ടി മേഖലയിൽ പിടിപെട്ടതായ വാർത്ത ശ്രദ്ധയിൽ വന്നിട്ടുണ്ടോ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിന്റെ ചികിത്സയ്ക്കാവശ്യമായ സൗകര്യം മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ടോ? | (ബി) ഉണ്ട്. |
| (സി)കുത്തിവെയ്പ്പിനുള്ള വിലയേറിയ മരുന്ന് ആവശ്യത്തിന് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഇമ്മ്യൂണോ ഗ്ലോബുലിൻ ഇൻജക്ഷനും, പ്ലാസ്മ എക്സ്ചേഞ്ചുമാണ് ഈ അസുഖത്തിന്റെ ചികിത്സ. ഇതിനുള്ള സൗകര്യം കോഴിക്കോട് മെഡിക്കൽ കോളേജിൽ ഉണ്ട്. |
| (ഡി) ഈ രോഗം കൂടുതൽ റിപ്പോർട്ട് ചെയ്യാനിടയായ സാഹചര്യത്തെ കുറിച്ച് പഠനം നടത്തുന്നതിന് നിർദ്ദേശം നൽകുമോ ? | (ഡി)പഠനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിലെ വിദഗ്ധ സംഘം രോഗികളെ വീടുകളിൽ പോയി |

| | |
|---|---|
| | കാണുകയും ഓരോ രോഗിയുടേയും വീടിന്റെ തൊട്ടടുത്ത 30 വീടുകളിൽ നിന്ന് ഡാറ്റാ ശേഖരിക്കുകയും അത് അനലൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. രോഗികളിൽ നിന്ന് ശേഖരിച്ച രക്ത സാമ്പിൾ പരിശോധനയ്ക്കായി മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് അയച്ചിട്ടുണ്ട്. |
| | |

സെക്ഷൻ ഓഫീസർ